# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5313. 15-11-2019-ലെ മറുപടിക്ക്.

**അസാപ് പദ്ധതി**

**ചോദ്യം** **ഉത്തരം**

ശ്രീ. എൻ.എ. നെല്ലിക്കുന്ന്.

ഡോ. കെ.ടി. ജലീൽ
(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | അസാപ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | എ) | സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് കോളേജുകളിലും ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം തൊഴിൽ നൈപുണ്യ പരിശീലനം നൽകുന്ന ഉന്നത -പൊതു വിദ്യാഭ്യാസ വകുപ്പുകളുടെ സംയുക്ത സംരംഭമാണ് അസാപ്. വിദ്യാർത്ഥികൾക്ക് പൊതുവായ തൊഴിൽ പ്രാപ്തി ലഭ്യമാക്കുന്ന ഇംഗ്ലീഷ് ആശയവിനിമയ ശേഷി, കമ്പ്യൂട്ടർ ഉപയോഗക്ഷമത എന്നിവ പ്രദാനം ചെയ്യുന്ന 180 മണിക്കൂർ ദൈർഘ്യമുള്ള ഫൗണ്ടേഷൻ പരിശീലനവും ദേശീയ നൈപുണ്യ യോഗ്യത ചട്ടക്കൂട് അനുസരിച്ച് തയ്യാറാക്കിയിട്ടുള്ള തൊഴിൽ/ നൈപുണ്യ പരിശീലനവും തൊഴിലിടങ്ങളിലെ ഇന്റേൺഷിപ്പ് പരിശീലനവും സംയോജിപ്പിച്ചുള്ള പരിശീലന ക്രമമാണ് അസാപ് നടപ്പിലാക്കി വരുന്നത്. |
| ബി) | അസാപിനു കേരളത്തിൽ തുടക്കം കുറിച്ചതെപ്പോഴാണെന്നും നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ; | ബി) | അസാപ്പിനു കേരളത്തിൽ തുടക്കം കുറിച്ചത് 2012 നവംബർ മാസത്തിലാണ്. അസാപ് പ്രവർത്തനങ്ങൾ സംസ്ഥാന തലത്തിൽ നടത്തപ്പെട്ടവയാകയാൽ ജില്ല തിരിച്ചുള്ള ക്രോഡീകരണം ലഭ്യമല്ല. നാളിതുവരെ നടത്തിയ അസാപ് പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.<br><br>**1) ഫൗണ്ടേഷൻ പരിശീലനം**<br><br>100 മണിക്കൂർ കമ്മ്യൂണിക്കേഷൻ മൊഡ്യൂളും 80 മണിക്കൂർ അടിസ്ഥാന ഐ.ടി. മൊഡ്യൂളും ഉൾക്കൊള്ളുന്ന 180 മണിക്കൂർ ഫൗണ്ടേഷൻ മൊഡ്യൂൾ പരിശീലനം അസാപ്പിൽ അംഗമാകുന്ന സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നു.<br><br>കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് മൊഡ്യൂൾ<br><br>ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ, സോഫ്റ്റ് സ്കിൽസ്, ലൈഫ് സ്കിൽസ്, അനലിറ്റിക്കൽ സ്കിൽസ് എന്നിവയുടെ സവിശേഷമായ ഒരു മിശ്രണമാണ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് മൊഡ്യൂൾ. പ്രവർത്തനാധിഷ്ഠിത പഠനരീതി ഉപയോഗിച്ച് സംഘാടന ശേഷി, ആശയ വിനിമയ ശേഷി, പ്രഭാഷണകല, അഭിമുഖ പ്രതികരണ നൈപുണി, സമയ മാനേജ്മെന്റ് തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുന്നതാണ് ഈ പരിശീലനം. |

ഐ.ടി. പരിശീലനം

'ഉബണ്ടു' സ്വതന്ത്ര സോഫ്റ്റ് വെയർ അധിഷ്ഠിതമായി വിവരസാങ്കേതിക വിദ്യയുടെ അടിസ്ഥാന പാഠങ്ങൾ ഉൾക്കൊള്ളുന്നതാണ് ഐ.ടി. മൊഡ്യൂൾ. വിവിധ ഐ.ടി. പ്ലാറ്റ്ഫോമുകൾ, സോഷ്യൽ മീഡിയ, ഓൺലൈൻ സൗകര്യങ്ങളുടെ പ്രായോഗിക വിനിയോഗം, വിജ്ഞാന ശേഖരണത്തിനും വ്യാപനത്തിനുമായി ഇന്റർനെറ്റിന്റെ സുരക്ഷിത ഉപയോഗം തുടങ്ങിയ ഘടകങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ഫൗണ്ടേഷൻ മൊഡ്യൂൾ നടപ്പിലാക്കി വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

**2) വ്യവസായ ബന്ധിത തൊഴിൽ നൈപുണ്യ പരിശീലനം**

150-250 മണിക്കൂർ ദൈർഘ്യമുള്ള നൈപുണ്യ പരിശീലന മൊഡ്യൂളുകൾ, അസാപ് വിദ്യാർത്ഥികളെ അവരുടെ ഇഷ്ടാനുസരണം ഒരു ആധുനിക തൊഴിൽ മേഖലയിലെ പ്രായോഗിക പരിജ്ഞാനവും നൈപുണ്യവും വളർത്തിയെടുക്കുന്നതിനും നവീകരിക്കുന്നതിനും സഹായിക്കുന്നു.

നൈപുണ്യ പരിശീലനത്തിന്റെ നിലവാരം ഉറപ്പു വരുത്തുന്നതിനു വേണ്ടി വ്യവസായ വിദഗ്ദ്ധരുമായും പരിശീലകരുമായും ചേർന്നാണ് അസാപ് നൈപുണ്യ പരിശീലനം നൽകുന്നത്. ഈ പരിശീലനം നടത്തുന്നതിനായി തയ്യാറാക്കിയിട്ടുള്ള 121 സ്കിൽ ഡെവലപ്മെന്റ് സെന്ററുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.

പരിശീലനത്തിനു ശേഷം ബന്ധപ്പെട്ട വ്യവസായ സ്ഥാപനങ്ങളിൽ 150 മണിക്കൂർ ദൈർഘ്യമുള്ള ഇന്റേൺഷിപ്പ് പ്രവൃത്തി പരിചയവും പരിശീലനത്തിന്റെ ഭാഗമാണ്.

**3. കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ**

ദേശീയ അന്തർദേശീയ നിലവാരമുള്ള നൈപുണ്യ കോഴ്സുകളിലെ പരിശീലനം കേരളത്തിലെ തൊഴിലന്വേഷകർക്കു ലഭ്യമാക്കുവാനായി പബ്ലിക്ക്-പ്രൈവറ്റ് -പാർട്ണർഷിപ്പ് (PPP) മാതൃകയിൽ വ്യവസായങ്ങളോടൊത്തു പ്രവർത്തിക്കുന്ന നൈപുണ്യ പരിശീലന സമുച്ചയങ്ങളായ 9 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ നിർമ്മാണം പൂർത്തിയാകുകയും രണ്ടാം ഘട്ടമായ 7 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ നിർമ്മാണം പ്രാരംഭഘട്ടത്തിലുമാണ്.

സംസ്ഥാനത്ത് രണ്ടുഘട്ടങ്ങളായി പൂർത്തീകരിച്ചു കൊണ്ടിരിക്കുന്ന കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ പട്ടിക അനുബന്ധം -3, അനുബന്ധം -4 ആയി ചേർത്തിരിക്കുന്നു.

**4. അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് സെന്റർ**

എഞ്ചിനീയറിംഗ്/ പോളിടെക്നിക്ക് കോളേജുകളിൽ നിന്ന് പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് നൂതന സാങ്കേതിക വിദ്യകളായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ്, ഡാറ്റാ അനലിറ്റിക്സ് എന്നിവയിൽ പരിശീലനം നൽകുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള മികവിന്റെ കേന്ദ്രങ്ങളാണ് ഈ നൂതന നൈപുണ്യ വികസന കേന്ദ്രങ്ങൾ. അസാപ് സ്ഥാപിച്ചിട്ടുള്ള അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകളുടെ പട്ടിക അനുബന്ധം -5, അനുബന്ധം -6 ആയി ചേർത്തിരിക്കുന്നു.

**5. അസാപ് - എൻ. എസ്. ക്യൂ. എഫ് അംഗീകൃത കോഴ്സുകൾ**

രാജ്യത്ത് ഉടനീളമുള്ള എല്ലാ നൈപുണ്യ വികസന കോഴ്സുകളുടെ വ്യക്തതയും ഗുണനിലവാരവും ഉറപ്പാക്കി നൈപുണ്യ പരിശീലനം നടപ്പിലാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി നൈപുണ്യ വികസന സംരംഭകത്വ മന്ത്രാലയത്തിന് കീഴിലുള്ള സ്വയംഭരണ സ്ഥാപനമായ നാഷണൽ സ്കിൽ ഡെവലപ്മെന്റ് ഏജൻസി (എൻ.എസ്.ഡി.എ.) എല്ലാ നൈപുണ്യ കോഴ്സുകളും ദേശീയ യോഗ്യതാ രജിസ്റ്ററിൽ (എൻ. ക്യൂ. ആർ.) ചേർക്കുന്നു. ഇത്തരത്തിൽ അസാപ്പിന്റെ നേതൃത്വത്തിൽ 8 നൈപുണ്യ കോഴ്സുകൾ ക്യൂ ഫയലിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.

**6. കേൾവിക്കുറവുള്ള വിദ്യാർത്ഥികൾക്കുള്ള പ്രത്യേക നൈപുണ്യ പരിശീലനം**

കേൾവിക്കുറവുള്ള വിദ്യാർത്ഥികളെ തൊഴിൽ സജ്ജരാക്കുന്നതിന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗ് (NISH) ന്റെ സഹായത്തോടെ നാലു നൈപുണ്യ കോഴ്സുകളും അസാപ്പിന്റെ ഫൗണ്ടേഷൻ മൊഡ്യൂളും പ്രത്യേക രീതിയിൽ തയ്യാറാക്കി പരിശീലന സജ്ജമാക്കിയിട്ടുണ്ട്. ഈ കോഴ്സുകളുടെ പരിശീലനത്തിനായി ഇന്ത്യൻ സൈൻ ലാംഗ്വേജ് (ISL) പരിശീലനം ലഭ്യമാക്കിയ നൈപുണ്യ പരിശീലകരെ കൂടി അസാപ് - നിഷ് (NISH) നേതൃത്വത്തിൽ സജ്ജരാക്കിയിട്ടുണ്ട്.

**7) സമ്മർ സ്കിൽ സ്കൂൾ**

വേനലവധിക്കാലത്ത് കേരളത്തിലെ ഹയർ സെക്കന്ററി, കോളേജ് പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് അവരുടെ അഭിരുചിക്കനുസരിച്ചുള്ള നൈപുണ്യ കോഴ്സുകളിൽ പരിശീലനം നേടാനുള്ള അവസരമായാണ് സമ്മർ സ്കിൽ സ്കൂൾ പരിശീലന മാതൃക നടപ്പിലാക്കുന്നത്.

**8) സ്മൈൽ ക്യാമ്പുകൾ (SMILE)**

പൊതു വിദ്യാഭ്യാസ - ഹയർ സെക്കന്ററി വകുപ്പുകളുടെ സഹകരണത്തോടെ പത്താം ക്ലാസ് പൂർത്തിയാക്കുന്ന

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യ അവബോധം മെച്ചപ്പെടുത്തുന്നതിന് അസാപ് സംഘടിപ്പിച്ചിട്ടുള്ള വർക്ക്ഷോപ്പുകളാണ് സ്മൈൽ ക്യാമ്പുകൾ (SMILE).<br><br>**<u>9. ഇന്റേൺഷിപ് പോർട്ടൽ</u>**<br><br>സ്റ്റേറ്റ് ഇന്റേൺഷിപ്പ് പോർട്ടൽ വഴി വിവിധ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് തൊഴിലിടങ്ങളിൽ പരിശീലനത്തിനുള്ള വഴികൾ ഇന്റേൺഷിപ്പ് പോർട്ടലിലൂടെ ലഭ്യമാക്കുന്നു. വിവിധ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ തങ്ങളുടെ സൗകര്യങ്ങൾ വിദ്യാർത്ഥികളുടെ ഇന്റേൺഷിപ്പ് പരിശീലനത്തിന് ലഭ്യമാക്കുന്നു.<br><br>**<u>10. ഷീ സ്കിൽസ് 2019</u>**<br><br>പെൺകുട്ടികളുടെയും സ്ത്രീകളുടെയും നൈപുണ്യ വിദ്യാഭ്യാസത്തിൽ പുതിയൊരു ചുവടുവെയ്പായ ഷീ സ്കിൽസ് 2019 എന്ന പദ്ധതി പത്താം ക്ലാസ് പാസ്സായ 15 വയസ്സിനു മുകളിലുള്ള പെൺകുട്ടികൾക്കും സ്ത്രീകൾക്കും പ്രത്യേകമായ തൊഴിൽ അധിഷ്ഠിത നൈപുണ്യ വികസന പരിശീലനം നൽകുന്നു. കുടുംബശ്രീ അംഗങ്ങൾ, വനിതാ സംഘങ്ങൾ, വീട്ടമ്മമാർ, പഠനം പൂർത്തിയാക്കിയ പെൺകുട്ടികൾ തുടങ്ങിയവർക്ക് റീട്ടെയിൽ, ബാങ്കിങ്, അപ്പാരൽ, ബ്യൂട്ടി & വെൽനസ്സ്, ഫുഡ് പ്രോസസ്സിംഗ്, ഹെൽത്ത് കെയർ, ഡാറ്റാ എൻട്രി തുടങ്ങിയ വിവിധ മേഖലകളിൽ പരിശീലനം നൽകുന്നു. |
| സി) | കേരളത്തിനു പുറത്ത് ഏതെല്ലാം സംസ്ഥാനങ്ങളിൽ അസാപ് ഉണ്ടെന്നും അവിടങ്ങളിലും നമ്മുടെ സംസ്ഥാനത്തും നടന്ന് വരുന്ന പ്രവർത്തനങ്ങളിലും തമ്മിൽ എന്താണു വ്യത്യാസങ്ങൾ ഉള്ളതെന്നും വ്യക്തമാക്കാമോ; | സി) | കേരളത്തിനു പുറത്തുള്ള സംസ്ഥാനങ്ങളിൽ അസാപ് നടക്കുന്നതായി വിവരം ലഭിച്ചിട്ടില്ല. |
| ഡി) | അസാപിനു വേണ്ടി ഇതുവരെ ചെലവഴിച്ച തുക എത്രയാണെന്നും ഏതെല്ലാം ആവശ്യങ്ങൾക്കു വേണ്ടിയാണെയെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ; | ഡി) | അസാപ്പ് ആരംഭിച്ച വർഷമായ 2012 മുതൽ 31-10-2019 വരെ 525.50 കോടി രൂപയാണ് ചെലവഴിക്കപ്പെട്ടത്. ടി തുക താഴെ പറഞ്ഞിരിക്കുന്ന അസാപ്പിന്റെ പ്രധാന ചെലവ് ശീർഷകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രോഗ്രാമുകൾക്കായിട്ടാണ് ചെലവഴിച്ചിട്ടുള്ളത്.<br><br>1. വിദ്യാർത്ഥികളുടെ നൈപുണ്യ പരിശീലനം.<br>2. കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ നിർമ്മാണം.<br>3. കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളുടെയും വാങ്ങൽ. |

<table>
<tr><td></td><td></td><td></td><td>4. കമ്പ്യൂട്ടർ, നെറ്റ് വർക്ക് ഉപകരണങ്ങൾ, സെർവർ തുടങ്ങിയവയുടെയും സർവ്വീസ്.<br>5. ഭരണ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ.<br>6. പ്രോഗ്രാം മാനേജർമാരുടെ ട്രെയിനിംഗ്<br>മേൽപ്പറഞ്ഞ ശീർഷകങ്ങളിലെ ചെലവുകൾ സംസ്ഥാനാടിസ്ഥാനത്തിൽ നടത്തി വരുന്നവ ആകയാൽ ജില്ല തിരിച്ചുള്ള കണക്കുകൾ സൂക്ഷിച്ചിട്ടില്ല.</td></tr>
<tr><td>ഇ)</td><td>അസാപിലൂടെ വിദ്യാർത്ഥികൾ ഇന്നേവരെ കൈവരിച്ച നേട്ടങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ?</td><td>ഇ)</td><td>അസാപ് പദ്ധതിയിലൂടെ നൈപുണ്യം നേടിയ വിദ്യാർത്ഥികളുടെ തൊഴിൽ ക്ഷമതാ അവലോകനം അന്തർദേശീയ തലത്തിൽ സ്വീകരിച്ചിട്ടുള്ള ശാസ്ത്രീയ മാതൃകകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ "എംപ്ലോയബിലിറ്റി ഇൻഡക്സ്" നിർണ്ണയത്തിലൂടെയാണ് നടത്തുന്നത്. അസാപ് മുഖേന പരിശീലനം ലഭിച്ച വിദ്യാർത്ഥികളെയും അസാപ്പിൽ അപേക്ഷ നൽകി പ്രവേശനം ലഭിക്കാതെ പോയ വിദ്യാർത്ഥികളെയും താരതമ്യപ്പെടുത്തിയാണ് ഈ അവലോകന പരീക്ഷയുടെ പ്രതിവർഷ റിപ്പോർട്ട് തയ്യാറാക്കുന്നത്.<br><br><u>"എംപ്ലോയബിലിറ്റി ഇൻഡക്സ്" -</u> ഒന്നിനും നൂറിനും ഇടയിലുള്ള ഈ സ്കോർ സൂചിപ്പിക്കുന്നത് പ്രസ്തുത മേഖലയിലെ തൊഴിലിന് അസാപ് പരിശീലനം നേടിയ ഒരു ഉദ്യോഗാർത്ഥി എത്രത്തോളം അനുയോജ്യൻ എന്നതാണ്. വിശദമായ പട്ടിക താഴെ കൊടുക്കുന്നു.<br><br>
<table>
<tr><th colspan="6">അസാപ് വിദ്യാർത്ഥികളുടെ എംപ്ലോയബിലിറ്റി ഇൻഡക്സ് സ്കോർ</th></tr>
<tr><td></td><td></td><td>2016</td><td>2017</td><td>2018</td><td>2019</td></tr>
<tr><td rowspan="2">ആകെ</td><td>ശരാശരി സ്കോർ</td><td>49</td><td>66</td><td>68</td><td>69</td></tr>
<tr><td>വർദ്ധനവ് (ശതമാനത്തിൽ)</td><td>-</td><td>35%</td><td>39%</td><td>41%</td></tr>
<tr><td rowspan="2">ആൺ</td><td>ശരാശരി സ്കോർ</td><td>51</td><td>62</td><td>64</td><td>68</td></tr>
<tr><td>വർദ്ധനവ് (ശതമാനത്തിൽ)</td><td>-</td><td>22%</td><td>25%</td><td>33%</td></tr>
<tr><td rowspan="2">പെൺ</td><td>ശരാശരി സ്കോർ</td><td>48</td><td>69</td><td>70</td><td>69</td></tr>
<tr><td>വർദ്ധനവ് (ശതമാനത്തിൽ)</td><td>-</td><td>44%</td><td>46%</td><td>44%</td></tr>
</table>
</td></tr>
</table>

| | | | |
|---|---|---|---|
| | | | 2012 മുതൽ 2017 വരെ അസാപ് പരിശീലനം ലഭിച്ച 121017 വിദ്യാർത്ഥികളുടെ പരിശീലന പ്രയോജനം, നിലവിലുള്ള സ്ഥിതി എന്നിവ സംബന്ധിച്ച വിശദമായ പഠനം അവസാനഘട്ടത്തിലാണ്.<br><br>അസാപ്പിലൂടെ വിദ്യാർത്ഥികൾ ഇന്നേവരെ കൈവരിച്ച നേട്ടങ്ങൾ ജില്ല തിരിച്ച് ക്രോഡീകരിച്ചിട്ടില്ല. |

Deepa

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

## അസാപ് ഫൗണ്ടേഷൻ മൊഡ്യൂൾ നൽകിവരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം

| ജില്ല | എണ്ണം |
|---|---|
| Thiruvananthapuram | 95 |
| Kollam | 97 |
| Pathanamthitta | 53 |
| Alappuzha | 81 |
| Kottayam | 73 |
| Idukki | 48 |
| Ernakulam | 84 |
| Thrissur | 70 |
| Palakkad | 91 |
| Malappuram | 115 |
| Kozhikode | 117 |
| Wayanad | 52 |
| Kannur | 103 |
| Kasaragod | 39 |

സെക്ഷൻ ഓഫീസർ

അനുബന്ധം - 2

## അസാപ് രൂപീകരിച്ചിട്ടുള്ള സ്കിൽ ഡെവലപ്മെന്റ് സെന്ററുകളുടെ പട്ടിക

| | |
|---|---|
| [redacted] | |
| 1 | GOVT. BOYS HSS NEYYATINKARA |
| 2 | GOVT. MODEL HSS, THYCAUD |
| 3 | GHSS KAMALESWARAM |
| 4 | GOVT. COLLEGE, NEDUMANGAD |
| 5 | GOVT. MODEL HSS VENGANOOR |
| 6 | GOVT. HIGH SCHOOL SREEKARYAM |
| 7 | GOVT. HSS VENJARAMOOD |
| 8 | GOVT HSS KULATHUMMEL, KATTAKKADA |
| 9 | GOVT. COLLEGE ATTINGAL |
| [redacted] | |
| 1 | Govt HSS MANGAD |
| 2 | GOVT.HSS CHATHANOOR |
| 3 | GOVT HSS KERALAPURAM |
| 4 | GOVT. BOYS HSS KOTTARAKKARA |
| 5 | BJM GOVT COLLEGE CHAVARA |
| 6 | GVHSS KADAKKAL |
| 7 | GOVT HSS PORUVAZHY |
| 8 | JAWAHAR HSS AYOOR |
| 9 | GOVT HSS PUNALUR |
| [redacted] | |
| 1 | GOVT. HS KEEKOZHOOR |
| 2 | Govt HSS KADAPRA |
| 3 | GOVT. BOYS HSS PATHANAMTHITTA |
| 4 | GOVT VHSS KOODAL |
| 5 | GOVT.GIRLS HSS ADOOR |
| [redacted] | |
| 1 | GOVT. HSS ANGADIKKAL SOUTH |
| 2 | GHSS MAVELIKKARA |
| 3 | GOVT. GIRLS HSS, ALAPPUZHA |
| 4 | GOVT SCU VHSS,PATTANAKKAD |
| 5 | GOVT. MODEL HSS AMBALAPPUZHA |
| 6 | GOVT GIRLS HSS,HARIPPAD |
| 7 | GOVT. HSS SL PURAM,KANJIKKUZHI |
| 8 | GOVT. HSS CHANDIROOR |
| 9 | GOVT GIRLS HSS,KAYAMKULAM |
| 10 | GOVT. HSS KIDANGARA |

| | |
|---|---|
| [redacted] | |
| 1 | GHSS,PONKUNNAM |
| 2 | GOVT HSS,THRICKODITHANAM |
| 3 | GHSS PALA |
| 4 | GOVT BOYS HSS,VAIKOM |
| 5 | PTM GOVT. HSS VELLOOR |
| 6 | GOVT COLLEGE, NATTAKOM |
| 7 | GOVT. HSS KANAKKARI |
| [redacted] | |
| 1 | GOVT HSS RAJAKKAD |
| 2 | GOVT TRIBAL HSS KATTAPPANA |
| 3 | GVHSS THODUPUZHA |
| 4 | GOVT HSS KUMILY |
| 5 | GOVT COLLEGE KATTAPPANA |
| 6 | GOVT COLLEGE MUNNAR |
| [redacted] | |
| 1 | GOVT. HSS NORTH PARAVOOR |
| 2 | EDWARD MEMORIAL GOVT. HSS VELI,FORT KOCHI |
| 3 | TMJM GOVT. COLLEGE MANIMALAKUNNU |
| 4 | GHSS,PEZHAKKAPPILLY, MUVATTUPUZHA |
| 5 | GHSS PALLARIIMANGALAM |
| 6 | GOVT HSS MANJAPRA |
| 7 | GOVT. GIRLS HSS PERUMBAVOOR |
| 8 | GOVT. HSS EDAPPALLY |
| 9 | GOVT BOYS HSS ALUVA |
| [redacted] | |
| 1 | KKTM GOVT. COLLEGE PULLUT |
| 2 | GOVT HSS CHAVAKKAD |
| 3 | GOVT HSS VALAPPAD |
| 4 | GOVT HSS KODAKARA |
| 5 | GOVT BOYS HSS WADAKKANCHERY |
| 6 | IASE THRISSUR |
| 7 | GOVT MODEL BOYS HSS, IRINJALAKUDA |
| [redacted] | |
| 1 | GGHSS ERIMAYUR |
| 2 | GOVT HSS POTTASSERY |
| 3 | GOVT. VICTORIA COLLEGE PALAKKAD |
| 4 | GHSS CHERPULASSERY |
| 5 | SNGS COLLEGE PATTAMBI |
| 6 | GOVT COLLEGE CHITTUR |
| 7 | Govt HSS BIG BAZAR |
| 8 | GOVT HSS OTTAPALAM EAST |
| 9 | GOVT HSS KUMARANELLUR |
| 10 | GOVT BOYS HSS NEMMARA |

| | |
|---|---|
| | |
| 1 | TMG COLLEGE TIRUR |
| 2 | GOVT.COLLEGE MALAPPURAM |
| 3 | GOVT MANAVEDAN HSS NILAMBUR |
| 4 | GOVT MODEL HSS CALICUT UNIVERSITY CAMPUS THENJIPPALAM |
| 5 | GHSS THRIKKAVU |
| 6 | GHSS TIRURANGADI |
| 7 | GOVT BOYS HSS VENGARA |
| 8 | GOVT GIRLS HSS MANJERI |
| 9 | GOVT HSS AREACODE |
| 10 | GVMC HSS WANDOOR |
| 11 | PTM COLLEGE PERINTHALMANNA |
| 12 | DEVDHAR GOVT HSS,TANUR |
| 13 | GOVT HSS,KOTTAPPURAM,MALAPPURAM |
| 14 | GOVT HSS,KUTTIPURAM,MALAPPURAM |
| | |
| 1 | REC GHSS CHATHAMANGALAM |
| 2 | GOVT ARTS& SCIENCE COLLEGE KOZHIKODE |
| 3 | GOVT HSS KUTTIADI |
| 4 | GOVT GIRLS HSS, KOYILANDY, KOZHIKKODE |
| 5 | GHSS KARAPARAMBA |
| 6 | GHSS MEDICAL COLLEGE CAMPUS |
| 7 | GHSS THAMARASSERY |
| 8 | GOVT GIRLS HSS BALUSSERY |
| 9 | GOVT GIRLS HSS MADAPPALLY |
| 10 | GOVT HSS KALLACHI |
| 11 | GVHSS KUTTICHIRA |
| 12 | GOVT. GANAPAT HSS, FEROKE, KOZHIKODE |
| | |
| 1 | GOVT COLLEGE MANANTHAVADY |
| 2 | GHSS MEENANGADI |
| 3 | GOVT. SARVAJANA HSS, SULTHAN BATHERY |
| 4 | GOVT. VHSS KALPETTA |
| 5 | GVHSS MANANTHAVADY |
| 6 | GHSS PERIKKALLOOR,PERIKKALLOOR,WAYANAD |
| | |
| 1 | GOVT HSS KUTHUPARAMBU |
| 2 | GOVT HSS SREEKANDAPURAM |
| 3 | GOVT HSS PALAYAD |
| 4 | GOVT VHSS EDAYANNUR(Chavassery) |
| 5 | TAGORE VIDYANIKETAN GOVT VHSS TALIPARAMBA |
| 6 | KMM GOVT WOMENS COLLEGE, KANNUR |
| 7 | GOVT GIRLS HSS THALASSERY |

| | |
|---|---|
| 8 | GVHSS KATHIRUR |
| 9 | GOVT HSS MATHIL |
| 10 | GOVT HSS MANATHANA |
| 11 | GOVT TOWN HSS KANNUR |
| 12 | GOVT HSS KOTTILA |
| [redacted] | |
| 1 | GOVT COLLEGE KASARGOD |
| 2 | GOVT HSS HOSDURG |
| 3 | GOVT HSS CHAYOTH |
| 4 | GOVT HSS MANGALPADY, |
| 5 | GOVT FISHERIES HSS CHERUVATHOOR, KASARGODE |

സെക്ഷൻ ഓഫീസർ

അനുബന്ധം - 3

## ആദ്യഘട്ട നിർമ്മാണം പൂർത്തിയാക്കിയ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ പട്ടിക

| Sl.NO | District | CSP |
|---|---|---|
| 1. | Kollam | Kulakkada |
| 2. | Pathanamthitta | Kunnanthanam |
| 3. | Ernakulam | Kalamassery |
| 4. | Ernakulam | Perumbavoor |
| 5. | Palakkad | Chathanoor |
| 6. | Palakkad | Lakkadi |
| 7. | Malappuram | Pandikkad |
| 8. | Wayanad | Mananthavady |
| 9. | Kasaragod | Kasaragod |

സെക്ഷൻ ഓഫീസർ

അനുബന്ധം - 4

**രണ്ടാംഘട്ട നിർമ്മാണത്തിലുള്ള കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ പട്ടിക**

| Sl.NO | District | CSP |
|---|---|---|
| 1. | Thiruvananthapuram | Vizhinjam |
| 2. | Thiruvananthapuram | Kazhakootam |
| 3. | Alappuzha | Kalavoor |
| 4. | Kottayam | Pampady |
| 5. | Thrissur | Kunnamkulam |
| 6. | Malappuram | Kuttippuram |
| 7. | Kannur | Palayad |

സെക്ഷൻ ഓഫീസർ

അനുബന്ധം - 5

## അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് സെന്റർ സ്ഥാപിക്കപ്പെട്ടിട്ടുള്ള എഞ്ചിനീയറിംഗ് കോളേജുകളുടെ പട്ടിക

| S.No. | Institution | District |
|---|---|---|
| 1 | Government Engg college, Barton hill | Trivandrum |
| 2 | College of Engg Trivandrum | Trivandrum |
| 3 | College of Engineering Muttathara | Trivandrum |
| 4 | SreeChitraThirunal College of Engineering | Trivandrum |
| 5 | LourdeMatha College of Engineering | Trivandrum |
| 6 | Rajadhani Institute of Engineering and Technology | Trivandrum |
| 7 | Muslim Association College of Engg | Trivandrum |
| 8 | ValiaKoonambaikulathamma College of Engineering & Technology | Trivandrum |
| 9 | Sarabhai Institute of Science and Technology | Trivandrum |
| 10 | Mar Baselios College of Engineering and Technology | Trivandrum |
| 11 | Trinity College Of Engineering | Trivandrum |
| 12 | Mohandas College of Engineeirng& Technology | Trivandrum |
| 13 | TKM College of Engineering | Kollam |
| 14 | College of Engineering Pathanapuram | Kollam |
| 15 | College of Engineering Karunagapally | Kollam |
| 16 | College of Engineering Perumon | Kollam |
| 17 | Baselios Mathews II College of Engineering | Kollam |
| 18 | Younus College of Engineeirng& Technology | Kollam |
| 19 | MES Institute of Technology & Management | Kollam |
| 20 | ThangalKunjuMusaliar Institute of Technology | Kollam |
| 21 | UKF College of Engineering and Technology | Kollam |
| 22 | College of Engineering Kalloopara | Pathanamthitta |
| 23 | SreeNarayana Institute of Technology | Pathanamthitta |
| 24 | College of Engineering Chenganoor | Alappuzha |
| 25 | College of Engineering & Management Punnapra | Alappuzha |
| 26 | Sree Buddha College of Engineering | Alappuzha |
| 27 | Sri VellappallyNatesan College of Engineering | Alappuzha |
| 28 | Rajiv Gandhi Institut of Technology | Kottayam |
| 29 | College of Engineering Kidangoor | Kottayam |
| 30 | College of Engineering Poonjar | Kottayam |
| 31 | Mangalam College of Engg | Kottayam |
| 32 | St. Joseph's College of Engineering and Technology | Kottayam |

| | | |
|---|---|---|
| 33 | Saintgits College of Engineering | Kottayam |
| 34 | Gurudeva Institute of Science And Technology | Kottayam |
| 35 | AmalJyothi College of Engineering | Kottayam |
| 36 | GovtEngg College Idukki | Idukki |
| 37 | AL-AZHAR College of Engineering & Technology | Idukki |
| 38 | College of Engineering Munnar | Idukki |
| 39 | Mar Athanasius College | Ernakulam |
| 40 | Model Engineering College Thrikakkara | Ernakulam |
| 41 | Mar Baselios Institute of Technology and Science | Ernakulam |
| 42 | Federal Institute of Science And Technology | Ernakulam |
| 43 | AdiShankara Institute of Engineering and Technology | Ernakulam |
| 44 | MES College of Engineering & Technology | Ernakulam |
| 45 | KMEA Engineering College | Ernakulam |
| 46 | Toc H Institute of Science and Technology | Ernakulam |
| 47 | ILM College of Engineering and Technology | Ernakulam |
| 48 | Rajagiri School of Engineering & Technology | Ernakulam |
| 49 | GovtEngg College Thrissur | Thrissur |
| 50 | Malabar College of Engg and Technology | Thrissur |
| 51 | IES College of Engineering | Thrissur |
| 52 | Christ College of Engineering | Thrissur |
| 53 | Vidya Academy of Science & Technology | Thrissur |
| 54 | Sahrdaya College of Engineering and Technology | Thrissur |
| 55 | GovtEngg College Sreekrishnapuram, Palakkad | Palakkad |
| 56 | Ahaliya School of Engg& Technology | Palakkad |
| 57 | Sreepathy Institute of Management And Technology | Palakkad |
| 58 | Cochin college of Engineering and Technology | Malappuram |
| 59 | MES College of Engineering | Malappuram |
| 60 | GovtEngg College Kozhikode | Kozhikode |
| 61 | M Dasan Institute of Technology | Kozhikode |
| 62 | GovtEngg College, Wayanad | Wayanad |
| 63 | Govt College of Engg Kannur | Kannur |
| 64 | VimalJyothi Engineering College | Kannur |
| 65 | LBS College | Kasargod |
| 66 | College of Engineering Trikaripur | Kasargod |

സെക്ഷൻ ഓഫീസർ

**അനുബന്ധം - 6**

## അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് സെന്റർ സ്ഥാപിക്കപ്പെട്ടിട്ടുള്ള പോളിടെക്നിക് കോളേജുകളുടെ പട്ടിക

| S.No. | Institution | District |
|---|---|---|
| 1 | Central Polytechnic College, Vattiyoorkkavu | Trivandrum |
| 2 | Government Polytechnic College, Neyyattinkara. | Trivandrum |
| 3 | Government Polytechnic College, Nedumangad | Trivandrum |
| 4 | Women's Polytechnic College, Kaimanom, | Trivandrum |
| 5 | Govt: Polytechnic College, Attingal | Trivandrum |
| 6 | Govt. Polytechnic Ezhukone | Kollam |
| 7 | Govt Polytechnic Punalur | Kollam |
| 8 | Government Polytechnic College,VENNIKULAM | Pathanamthitta |
| 9 | Government Polytechnic College,ADOOR | Pathanamthitta |
| 10 | Government Polytechnic College,Vechoochira | Pathanamthitta |
| 11 | Government Polytechnic College,kayamkulam | Alappuzha |
| 12 | Govt: Polytechnic College, Cherthala | Alappuzha |
| 13 | Govt: Polytechnic College, Nattakam, Kottayam | Kottayam |
| 14 | Government Polytechnic College,kuduthuruthy | Kottayam |
| 15 | Government Polytechnic College,pala | Kottayam |
| 16 | Govt: Polytechnic College, Muttom | Idukki |
| 17 | Government Polytechnic College,PURAPPUZHA | Idukki |
| 18 | Government Polytechnic College,nedumkandam | Idukki |
| 19 | Government Polytechnic College,kumily | Idukki |
| 20 | Women's Polytechnic College,EKM | Ernakulam |
| 21 | Govt: Polytechnic College, Kalamassery | Ernakulam |
| 22 | Govt: Polytechnic College, Perumbavoor | Ernakulam |
| 23 | Govt: Polytechnic College, Kothamangalam | Ernakulam |
| 24 | Maharaja's Technological Institute, Thrissur | Thrissur |

| | | |
|---|---|---|
| 25 | Women's Polytechnic College,thrissur | Thrissur |
| 26 | Sree Rama Govt: Polytechnic College, Thriprayar | Thrissur |
| 27 | Government Polytechnic College, koratty | Thrissur |
| 28 | Govt: Polytechnic College, Kunnamkulam | Thrissur |
| 29 | Govt: Polytechnic College, Chelakkara | Thrissur |
| 30 | Government Polytechnic College &printing technology,shornur | Palakkad |
| 31 | Govt: Polytechnic College, Palakkad | Palakkad |
| 32 | Govt: Polytechnic College, Manjeri | Malappuram |
| 33 | Govt: Polytechnic College, Perintalmanna | Malappuram |
| 34 | Women's Polytechnic College, Kottakkal | Malappuram |
| 35 | Government Polytechnic College, Thirurangadi, | Malappuram |
| 36 | Kerala Government Polytechnic College, Kozhikode. | Kozhikode |
| 37 | Women's Polytechnic College, Kozhikode, | Kozhikode |
| 38 | Government Polytechnic College,meppadi | Wayanad |
| 39 | Govt: Polytechnic College, Mananthavadi | Wayanad |
| 40 | Govt: Polytechnic College, Meenangadi | Wayanad |
| 41 | Govt: Polytechnic College, Kannur | Kannur |
| 42 | Government Polytechnic College, Kannur. | Kannur |
| 43 | Govt: Polytechnic College, Mattannur | Kannur |
| 44 | EKNM Government Polytechnic College, Thrikkaripur. | Kasargod |
| 45 | Govt: PolytechnicS College, Kasaragod | Kasargod |

സെക്ഷൻ ഓഫീസർ